# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

# [Mahatma Gandhi NREGA Social Audit Society Kerala (MGNSASK)]

***04.01.2024 വ്യാഴാഴ്ച രാവിലെ 11 മണിക്ക് ചേർന്ന***
***ജനറൽ ബോഡി യോഗത്തിന്റെ***

# *മിനിട്ട്സ്*


**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
**(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)**
**2ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,**
**വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033**
**ഫോൺ നമ്പർ : 04712724696. ഇ-മെയിൽ: keralasocialaudit@gmail.com**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 04.01.2024 വ്യാഴാഴ്ച രാവിലെ 11 മണിക്ക് ഗവൺമെന്റ് ഗസ്റ്റ് ഹൗസ് തിരുവനന്തപുരത്ത് ചേർന്ന 2-ാമത് ജനറൽ ബോഡി യോഗത്തിന്റെ മിനിട്ട്സ്.**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 2-ാമത് ജനറൽ ബോഡി യോഗം 2024 ജനുവരി 04-ാം തീയതി 11 മണിക്ക് ജനറൽ ബോഡി മെമ്പർ ശ്രീ. എസ്.രാജേന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗം ബഹു.തദ്ദേശ സ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്തു. യോഗത്തിന്റെ പങ്കാളിത്തവും നടപടിക്രമങ്ങളും ചുവടെ ചേർക്കുന്നു.

**ഹാജർ:**

1. ശ്രീ. എം.ബി.രാജേഷ്, ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി
2. ഡോ. ജിജു.പി അലക്സ്, എക്സപെർട്ട് മെമ്പർ, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. ശ്രീമതി. കെ.ജി. രാജേശ്വരി, ഡിസ്ട്രിക്റ്റ് പഞ്ചായത്ത് പ്രസിഡന്റ്
4. ശ്രീ.എ. നിസാമുദീൻ. ഐ.എ.എസ്, ഫോർ പ്രിൻസിപ്പൽ സെക്രട്ടറി, എൽ.എസ്.ജി.ഡി
5. ഡോ. എൻ.രമാകാന്തൻ, ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള
6. ശ്രീ. രാഹുൽ. പി., ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ കേരള(പി.എം.ജി.ക,കേരള)
7. ശ്രീ. എസ്. രാജേന്ദ്രൻ, ജനറൽ ബോഡി മെമ്പർ
8. ശ്രീ. എ.എൻ. പ്രഭാകരൻ, ജനറൽ ബോഡി മെമ്പർ
9. ശ്രീമതി. രാധാമണി, ജനറൽ ബോഡി മെമ്പർ
10. ശ്രീ. എ.എസ്. ദിനകരൻ, ജനറൽ ബോഡി മെമ്പർ
11. ശ്രീ. കെ. ചന്ദ്രൻ, ജനറൽ ബോഡി മെമ്പർ
12. ശ്രീമതി. ഗിരിജ സുരേന്ദ്രൻ, ജനറൽ ബോഡി മെമ്പർ
13. ശ്രീ. എം. ബിജുക്കുട്ടൻ, അഡീഷണൽ സെക്രട്ടറി, എൽ.എസ്.ജി.ഡി.
14. ശ്രീമതി. പ്രീത.ബി, അഡീഷണൽ സെക്രട്ടറി, ലേബർ ഡിപ്പാർട്ട്മെന്റ്
15. ശ്രീമതി. ലതാകുമാരി. എം.ബി., അഡീഷണൽ സെക്രട്ടറി, അഗ്രികൾച്ചർ
16. ശ്രീമതി. സിന്ധു സുകുമാരൻ, അണ്ടർ സെക്രട്ടറി, എസ്.സി.എസ്.റ്റി.ഡി. ഡിപ്പാർട്ട്മെന്റ്
17. ശ്രീ. ഗിരി. വി.വി., അസിസ്റ്റന്റ്, എസ്.സി.എസ്.റ്റി.ഡി. ഡിപ്പാർട്ട്മെന്റ്
18. ശ്രീ. ഡാനിയേൽ ലിബ്നി, അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ, കുടുംബശ്രീ
19. ശ്രീ. ജി. ബിനുകുമാർ, ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്
20. ശ്രീ. ഗോപകുമാർ.പി., ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്
21. ശ്രീ. സുദേശൻ.വി. ഡയറക്ടർ, കില, സി.എച്ച്.ആർ.ഡി
22. ശ്രീമതി. സായൂജ്യ.റ്റി.കെ, ജോയിന്റ് ഡയറക്ടർ, എൽ.എസ്.ജി.ഡി.,
23. ശ്രീമതി. സ്മിത. ബി. ചന്ദ്ര., അണ്ടർ സെക്രട്ടറി, പ്ലാനിംഗ് ആന്റ് ഇ.എ. ഡിപ്പാർട്ട്മെന്റ്

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA * (Govt. of Kerala) * C.W.S. BUILDING L.M.S., PALAYAM TRIVANDRUM-33

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

**യോഗ നടപടിക്രമങ്ങളും തീരുമാനങ്ങളും**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 2-ാമത് ജനറൽ ബോഡി യോഗം ജനറൽ ബോഡി അംഗം ശ്രീ.എസ്.രാജേന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗം ബഹു. തദ്ദേശ സ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്തു. സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള ഡയറക്ടർ ഡോ.എൻ.രമാകാന്തൻ ജനറൽ ബോഡി അംഗങ്ങൾക്ക് സ്വാഗതം ആശംസിച്ചു.

ബഹു. മന്ത്രിയുടെ ഉദ്ഘാടന പ്രസംഗത്തിൽ, സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള രാജ്യത്തെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്നും 100% ഗ്രാമപഞ്ചായത്തു-കളിലും സോഷ്യൽ ഓഡിറ്റ് പ്രവർത്തനം പൂർത്തീകരിച്ച പ്രഥമ സംസ്ഥാനമാണ് കേരള മെന്നും, ഇതിനായി പ്രവർത്തിച്ച സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഭാരവാഹികളെ അഭിനന്ദിക്കുന്നതായും അറിയിച്ചു. കേരളം 100% സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കിപ്പോൾ രണ്ടും മൂന്നും സ്ഥാനത്തെത്തിയ സംസ്ഥാനങ്ങൾ ഒറീസ്സ (69.42%), ബീഹാർ (64.4%), ബഹുദൂരം പിന്നിലാണ് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് മികച്ച രീതിയിൽ നടത്തുന്നു എന്നുള്ളതിനുള്ള തെളിവാണ് ഒരു സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്ത നൂറ് ശതമാനം പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയ മാക്കുന്നതിന് കേരളത്തിന് സാധിച്ചതെന്നും ബഹു. മന്ത്രി അഭിപ്രായപ്പെട്ടു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിൽ കൈവരിക്കാൻ കഴിഞ്ഞ വിജയം, ഇതര കേന്ദ്ര സംസ്ഥാന പദ്ധതികളിലേക്ക് സോഷ്യൽ ഓഡിറ്റ് പ്രവർത്ത നങ്ങൾ വ്യാപിപ്പിക്കുന്നതിന് പ്രചോദനമാകുമെന്നും ബഹു. മന്ത്രി അഭിപ്രായപ്പെട്ടു.

തുടർന്ന് ,സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ഡയറക്ടർ ഡോ. എൻ.രമാകാന്തൻ സൊസൈറ്റി യുടെ 2022-23 വർഷത്തെ ഭരണ റിപ്പോർട്ട് അവതരിപ്പിക്കുകയുണ്ടായി. റിപ്പോർട്ടിന്മേലുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട് താഴെപ്പറയുന്ന ജനറൽ ബോഡി അംഗങ്ങൾ ഇതു സംബന്ധിച്ച കാര്യങ്ങൾ ചൂണ്ടികാണിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി.

1. **ശ്രീ.എസ്. രാജേന്ദ്രൻ:**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് വിജയകര മായി പൂർത്തിയാക്കുന്നതിൽ കേരളത്തിന് അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ പ്രതിഫലനമാണ് സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് സംസ്ഥാനമായി 2022-23 വർഷത്തിൽ നമ്മുടെ സംസ്ഥാനത്തിന് മാറാൻ കഴിഞ്ഞത്. ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സമ്പൂർണ്ണ സോഷ്യൽ ഓഡിറ്റ് സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചതും, ഓരോ ആറ് മാസത്തിലൊരിക്കൽ കൃത്യമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന മുഴുവൻ പ്രവൃത്തികളു

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA (Govt. of Kerala) C.W.C. BUILDING L.M.S. PALAYAM TRIVANDRUM-33

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

ടെയും സോഷ്യൽ ഓഡിറ്റ് നടപ്പാക്കി റിപ്പോർട്ട് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ വെബ് പോർട്ടലിൽ രേഖപ്പെടുത്തി നൽകുന്നതിനും കേരളത്തിന് കഴിയുന്നുണ്ട്.

2. **ഡോ. ജിജു.പി.അലക്സ്.**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ചിട്ടയായും നിയമാനുസൃതമായും സംസ്ഥാനത്ത് നടപ്പാക്കാൻ കഴിയുന്നുണ്ട്. എന്നാൽ മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിന് കഴിയുന്നില്ല. മറ്റ് കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത സ്കീമുകളിലേക്ക് സോഷ്യൽ ഓഡിറ്റ് വ്യാപിപ്പിക്കേണ്ടതാണ്. കൃഷി വകുപ്പിൽ ഇതിനകം സോഷ്യൽ ഓഡിറ്റ് ആരംഭിക്കുന്നതിന് പരിശ്രമങ്ങൾ തുടങ്ങിയെങ്കിലും അത് മുന്നോട്ട് കൊണ്ട് പോകുന്നതിന് കഴിഞ്ഞില്ല. ഓരോ സ്കീമിന്റെയും സവിശേഷമായ മാർഗ്ഗരേഖയ്ക്കനുസരിച്ച് സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രവും നിർവ്വഹണസംവിധാനവും പ്രയോജനപ്പെടുത്തേണ്ടതാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രയോജനം ലഭിക്കണമെങ്കിൽ സംയോജന സാദ്ധ്യതകൾ കണക്കിലെടുത്ത് പദ്ധതി നടപ്പിലാക്കേണ്ടതാണ്. ഇത്തരത്തിൽ സംയോജന സാദ്ധ്യതകൾ എത്രമാത്രം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട് എന്ന വിലയിരുത്തൽ സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി ഉണ്ടാകേണ്ടതുണ്ട്. തയ്യാറാക്കിയ ലേബർ ബഡ്ജറ്റ് ഇത്തരത്തിൽ സംയാജന സാദ്ധ്യതകൾ കണക്കിലെടുത്തു കൊണ്ടുള്ളതാണോയെന്ന് സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി വിലയിരുത്തേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് പ്രവർത്തനം വിവിധ സ്കീമുകൾക്ക് നടപ്പിലാക്കുമ്പോൾ ആ സ്കീമുകൾക്ക് അനുസൃതമായി സോഷ്യൽ ഓഡിറ്റ് പ്രവർത്തനം ചിട്ടപ്പെടുത്തുവാൻ ശ്രമിക്കണമെന്നും അതിൽ വിവിധഘടകങ്ങൾ പരിഗണിക്കേണ്ടതായിട്ടുണ്ടെന്നും അഭിപ്രായപ്പെട്ടു.

3. **ശ്രീ. ബിജുക്കുട്ടൻ:**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനുള്ള സാധ്യതകൾ സംസ്ഥാനത്തുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ ക്രമക്കേടുകളും സോഷ്യൽ ഓഡിറ്റ് പ്രവർത്തനത്തിന്റെ ഭാഗമായി കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. **ശ്രീ. എ. നിസ്സാമുദ്ദീൻ ഐ.എ.എസ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും സംസ്ഥാനം മുന്നോട്ടു വച്ച നീരുറവ പദ്ധതി ക്രമപ്രകാരം ഉൾപ്പെടുത്തി ആസൂത്രണം ചെയ്യാൻ പൂർണ്ണമായും കഴിയാത്തതാണ് സ്വകാര്യ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതെന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായി. സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയ ഇഷ്യുസിന്മേൽ, ആയത് പരിഹരിച്ച് ആക്ഷൻ ടേക്കൺ റിപ്പോർട്ട് നൽകാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും അതിന്റെ പുരോഗതി എല്ലാ മാസവും മോണിറ്ററിംഗ് നടത്തുന്നതിന് സംസ്ഥാന മിഷന്റെ ഭാഗത്ത് നിന്ന് പരിശ്രമങ്ങൾ ഉണ്ടാകുമെന്ന് അഭിപ്രായപ്പെട്ടു.

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

5. **ശ്രീമതി. ഗിരിജാസുരേന്ദ്രൻ:**

സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർ മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ചില ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ, ഗ്രാമപഞ്ചായത്തുകൾക്ക് ബാധ്യത ഫിക്സ് ചെയ്യുന്നതിനുള്ള ശ്രമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ട കാര്യം സൂചിപ്പിക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ പ്രസ്തുത ഗ്രാമപഞ്ചായത്തുകൾക്ക് സോഷ്യൽ ഓഡിറ്റ് പ്രക്രിയ ഉൾക്കൊള്ളാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായും അറിയിച്ചു. എന്നാൽ പഞ്ചായത്തുകളുമായുള്ള പരസ്പര ബന്ധത്തിൽ നല്ല നിലയിൽ പുരോഗതി കൈവരിക്കുന്നതിന് ഇതിനകം കഴിഞ്ഞിട്ടുണ്ട്.

6. **ശ്രീ. എ.എസ്സ്. ദിനകരൻ:**

സോഷ്യൽ ഓഡിറ്റ് പ്രക്രിയയിൽ കണ്ടെത്തുന്ന ചില ഒറ്റപ്പെട്ട സോഷ്യൽ ഓഡിറ്റ് ഇഷ്യൂസ് പൊതുവായി കണ്ട് സാമാന്യവത്കരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും, സോഷ്യൽ ഓഡിറ്റ് ഇഷ്യൂവിലെ ബാധ്യതകൾ പൊതുവായി തൊഴിലുറപ്പ് പദ്ധതി ജീവനക്കാരിൽ മാത്രം പരിമിതപ്പെടുത്തി കാണുന്നുവെന്നും അഭിപ്രായപ്പെട്ടു. ഒരു രൂപ പോലും തിരിച്ച് പിടിക്കാൻ അവസരം നൽകാത്ത നിലയിൽ കാര്യക്ഷമമായും ഫലപ്രദമായും പദ്ധതി നിർവ്വഹണം നടത്താൻ കഴിയേണ്ടതുണ്ട്.

7. **ശ്രീ. കെ. ചന്ദ്രൻ:**

തൊഴിലുറപ്പ് പദ്ധതി പ്രോജക്ടുകൾ നിർവ്വഹണം നടത്തി ആറുമാസം കഴിഞ്ഞ് പ്രസ്തുത പ്രവർത്തിയിൽ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുമ്പോൾ പലപ്പോഴും പ്രസ്തുത പ്രവൃത്തികൾ അവിടെ കാണാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്നും (പ്രത്യേകിച്ചും ഭൂവികസന പ്രവർത്തികൾ) പ്രസ്തുത പ്രവർത്തികളുടെ സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിൽ പ്രവർത്തി കാണാനില്ല എന്നതിൽ ഉൾപ്പെടുത്തി ബാധ്യത ഫിക്സ് ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നതായും അറിയിച്ചു. ആയത് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി പരിശോധിക്കണമെന്നും അറിയിച്ചു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കാർഷിക കലണ്ടർ അനുസരിച്ച് കൃത്യമായി തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാൻ കഴിയേണ്ടതുണ്ട്.

8. **ശ്രീ. പി. രാഹുൽ:**

കൺകറന്റ് സോഷ്യൽ ഓഡിറ്റ്, റെഗുലർ സോഷ്യൽ ഓഡിറ്റിനൊപ്പം നടത്തേണ്ട സാദ്ധ്യതകൾ പരിശോധിക്കണമെന്ന് അഭിപ്രായപ്പെട്ടു. പ്രസ്തുത നിർദ്ദേശത്തോടുള്ള പ്രതികരണമായി സോഷ്യൽ ഓഡിറ്റ് ഡയറക്ടർ ഡോ.എൻ. രമാകാന്തൻ, കൺകറന്റ് സോഷ്യൽ ഓഡിറ്റ് നിലവിൽ നടത്തേണ്ടത് വാർഡുതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികൾ ആണെന്നും ഇക്കാര്യം റെഗുലർ സോഷ്യൽ ഓഡിറ്റിൽ പരിശോധിക്കുന്നുണ്ടെന്നും അറിയിച്ചു.

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA (Govt. of Kerala)
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

## അജണ്ടനമ്പർ-1

**2022 ജൂൺ 21-ാം തീയതി ചേർന്ന ജനറൽ ബോഡി യോഗത്തിന്റെ മിനിട്ട്സിന് അംഗീകാരം**

2022 ജൂൺ മാസം 21-ാം തീയതി കൂടിയ ജനറൽബോഡി യോഗത്തിന്റെ മിനിട്ട്സ് അംഗങ്ങൾ വായിച്ച് ഏകകണ്ഠമായി അംഗീകരിച്ചു.

## അജണ്ടനമ്പർ-2

**ജനറൽ ബോഡി യോഗ തീരുമാനങ്ങളിന്മേൽ സ്വീകരിച്ച തുടർനടപടികളും പ്രവർത്തന പുരോഗതിയും**

21.06.2022-ൽ ചേർന്ന സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ജനറൽ ബോഡി യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച തുടർനടപടികളും പ്രവർത്തന പുരോഗതി റിപ്പോർട്ടും വായിച്ച് വിലയിരുത്തി യോഗം അംഗീകരിച്ചു.

## അജണ്ടനമ്പർ-3

**2022-23 വാർഷിക ഭരണ റിപ്പോർട്ട് അവതരണം, അംഗീകാരം**

2022-23-ലെ വാർഷിക ഭരണ റിപ്പോർട്ട് എല്ലാ അംഗങ്ങൾക്കും മുൻകൂട്ടി വിതരണം ചെയ്തിട്ടുള്ളത് വായിച്ച് യോഗം അംഗീകരിച്ചു.

## അജണ്ടനമ്പർ-4

**2022-2023 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് അവതരണം, അംഗീകാരം**

2022-23-വർഷത്തെ ആഡിറ്റ് റിപ്പോർട്ട് മുൻക്കൂട്ടി വിതരണം ചെയ്തിട്ടുള്ളത് അംഗങ്ങൾ പരിശോധിച്ച് അംഗീകരിച്ചു.

## അജണ്ടനമ്പർ-5

**2023-24 വർഷത്തെ വാർഷിക ബഡ്ജറ്റ് അംഗീകാരം**

2023-24 വർഷത്തെ വാർഷിക ബഡ്ജറ്റ് അംഗങ്ങൾ പരിശോധിക്കുകയും പ്രസ്തുത ബഡ്ജറ്റിൽ പ്രതീക്ഷിത ചെലവുകൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ആയ തിൽ പ്രതിക്ഷിത വരുമാനം കൂടി ഉൾപ്പെടുത്തി ക്രമപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ യോഗം അംഗീകരിച്ചു.

## അജണ്ടനമ്പർ-6

**2023-24 വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രവർത്തന പുരോഗതി റിപ്പോർട്ട് അവതരണം, അംഗീകാരം**

2023-24 സോഷ്യൽ ഓഡിറ്റ് വാർഷിക പ്രവർത്തന പുരോഗതി റിപ്പോർട്ട് അവതരിപ്പിക്കുകയും ആയത് അംഗങ്ങൾ ചർച്ച് ചെയ്ത് അംഗീകരിക്കുകയും ചെയ്തു.

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA (Govt. of Kerala) C.W.C. BUILDING L.M.S., PALAYAM TRIVANDRUM -33

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

**അജണ്ടനമ്പർ–7**

**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി ബൈലോ ഭേദഗതി നിർദ്ദേശത്തിന് അംഗീകാരം**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ നിലവിലുള്ള ബൈലോ ഭേദഗതി ചെയ്ത് സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ നിലവിലുള്ള പേരായ "മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള" (MGNSASK) എന്നത് ഭാവിയിൽ സോഷ്യൽ ഓഡിറ്റ് സൊസൈറ്റി മറ്റ് കേന്ദ്ര/സംസ്ഥാന ആവിഷ്കൃത പദ്ധതികളുടെ സോഷ്യൽ ഓഡിറ്റുകൾ ഏറ്റെടുക്കേണ്ട സാഹചര്യം നിലവിലുള്ളതിനാൽ സൊസൈറ്റിയുടെ നിലവിൽ അംഗീകരിച്ച പേര് ഭേദഗതി ചെയ്ത് "കേരള സൊസൈറ്റി ഫോർ സോഷ്യൽ ഓഡിറ്റ് (KSSA) എന്ന് പുനർ നാമകരണം ചെയ്യാനുള്ള നിർദ്ദേശം യോഗം ചർച്ചചെയ്യുകയും, ഗവൺമെന്റിന്റെ അംഗീകാരത്തിനു വിധേയമായി പുനർ നാമകരണം ചെയ്യാൻ യോഗം തീരുമാനിച്ചു.

അനന്തരം 2-ാമത് വാർഷിക ജനറൽ ബോഡി യോഗത്തിൽ പങ്കെടുത്ത ബഹു. തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിക്കും മറ്റ് ഔദ്യോഗിക/അനൗദ്യോഗിക അംഗങ്ങൾക്കും ജനറൽ ബോഡി അംഗം ശ്രീ. എസ്. രാജേന്ദ്രൻ, കൃതജ്ഞത രേഖപ്പെടുത്തി. യോഗം കൃത്യം ഒരുമണിക്ക് അവസാനിച്ചു.

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat
Thiruvananthapuram

**പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്**
ചെയർമാൻ, സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള&
സ്പോർട്ട്സ്&യൂത്ത്അഫയേഴ്സ്ഡിപ്പോർട്ട്മെന്റ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്

**ഡോ .എൻ.രമാകാന്തൻ**
ഡയറക്ടർ
കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
(Govt. of Kerala)

**എസ് രാജേന്ദ്രൻ**
അദ്ധ്യക്ഷൻ
മെമ്പർ, ജനറൽബോഡി
കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി